# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## ജീവിത പങ്കാളിയെ ലഭിക്കുവാൻ പ്രാർത്ഥന-Life partner




### ജീവിത പങ്കാളിയെ ലഭിക്കുവാൻ പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ച അങ്ങയെ ഞാൻ സ്തുതിക്കുന്നു. അവരെ ദാമ്പത്യത്തിലേക്ക് നയിക്കുകയും മാതാപിതാക്കൻമാരാക്കി ഉയർത്തുകയും ചെയ്യു അങ്ങയുടെ അനന്തപരിപാലനയെ ഞാൻ വാഴ്ത്തുന്നു. ദാമ്പത്യജീവിതത്തിനുള്ള അഭിലാഷവും പ്രേരണയും നല്കി എന്നെ അനുഗ്രഹിച്ച അങ്ങയോടു ഞാൻ നന്ദി പറയുന്നു. അങ്ങയുടെ തിരുഹിതമനുസരിച്ച ദാമ്പത്യജീവിതം നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയാഭിലാഷങ്ങളും പ്രതീക്ഷകളും നന്മയും എന്നേക്കാൾ നന്നായി അറിയുന്ന കർത്താവേ, എനിക്ക് ഏറ്റം യോജിച്ച ഒരു ജീവിതപങ്കാളിയെ അങ്ങുതന്നെ എനിക്കായി തിരഞ്ഞെടുത്തു തരണമേ. എനിക്ക് അനുയോജ്യമായ വധുവിനെ/ അനുയോജ്യമായ വരനെ കണ്ടെത്തുവാൻ വേണ്ടി എന്റെ പ്രിയപ്പെട്ടവർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളെ സഫലമാക്കണമേ. തോബിയാസിനെയും സാറായെയും അത്ഭുതകരമായി തിരഞ്ഞെടുത്ത്, അവരെ സൗഭാഗ്യകരമായ ദാമ്പത്യത്തിലേക്കുയർത്തിയ കർത്താവേ, അനാദി മുതലേ എനിക്കായി അങ്ങു തെരഞ്ഞെടുത്തിട്ടുള്ള വധുവിനെ (വരനെ), എനിക്കു കാണിച്ചു തരണമേ. ഞങ്ങളുടെ വിവാഹം യഥാകാലം മംഗളകരമായി നടക്കുവാൻ അനുഗ്രഹിക്കുകയും ചെയ്യണമേ! ആമ്മേൻ.

### തിരുവചനം

കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക, സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്. നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ, അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും (സുഭാഷിതങ്ങൾ 3:5-6). നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക, നിന്റെ പദ്ധതികൾ ഫലമണിയും (സുഭാ 16:3).

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെനീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്തായി 6:33).

കർത്താവേ എന്റെ ശക്തിയും പരിചയുമാണ്, കർത്താവിൽ എന്റെ ഹൃദയംശരണംവയ്ക്കുന്നു, അതുകൊണ്ട് എനിക്കു സഹായം ലഭിക്കുന്നു. എന്റെ ഹൃദയം ആനന്ദിക്കുന്നു, ഞാൻ കീർത്തനമാലപിച്ച് അവിടുത്തോടു നന്ദിപറയുന്നു (സങ്കീർത്തനങ്ങൾ 28:7).

+++